ഘട്ടമായോ നടപ്പാക്കാൻ സർക്കാർ സന്നദ്ധമാണോ എന്ന് വ്യക്തമാക്കാമോ; പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി തുടർ നടപടികൾ സ്വീകരിക്കുമോ?

ടാറ്റാ കൺസൾട്ടൻസി സർവ്വീസസ് സമർപ്പിച്ച കരട് മാസ്റ്റർ പ്ലാനിൽ താഴെപ്പറയുന്ന പ്രദേശങ്ങളിലെ വികസന പദ്ധതികൾ ഉൾപ്പെടുന്നുണ്ട്.

1. മുട്ടിക്കടവ് ഫാം

2. നിലമ്പൂർ ടൗണും പരിസരവും

3. ആഢ്യൻപാറ വെള്ളച്ചാട്ടം

4. കക്കാടംപൊയിൽ & കോഴിപ്പാറ വെള്ളച്ചാട്ടം

5. മുണ്ടേരി സീഡ് ഫാം

6. നെടുങ്കയം

7. ട്രൈബൽ ഹെറിറ്റേജ് സെന്റർ, കാറ്റുലെ

8. പൂക്കോട്ടുപാടം - ടി.കെ. കോളനി

9. കാവ് വികസനം

10. വഴിക്കടവ് നാടുകാണിപുരം

11. നിലമ്പൂർ പാട്ടുത്സവം, ഫെയർ & ഫെസ്റ്റിവൽസ് - പ്രസ്തുത മാസ്റ്റർ പ്ലാൻ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പരിശോധിക്കാവുന്നതാണ്.

**വണ്ടൂർ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ പ്രവൃത്തികൾ**

146(4156) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി വണ്ടൂർ നിയോജക മണ്ഡലത്തിലെ എത്ര സ്കൂളുകൾക്കാണ് 2016 മുതൽ കെട്ടിട നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ സ്കൂളുകൾക്ക് എത്ര രൂപ വീതം അനുവദിച്ചുവെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ചില സ്കൂളുകളിൽ തുക അനുവദിച്ചിട്ടും പ്രവൃത്തി ആരംഭിക്കുന്നതിൽ തടസ്സംനേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയും വേഗം പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

(എ-സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി വണ്ടൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മാണത്തിന് തെരഞ്ഞെടുത്ത സ്കൂളുകളും അവയ്ക്ക് കിഫ്ബി അനുവദിച്ച തുകയും നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു:

5 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി നിർമ്മാണത്തിനായി തെരഞ്ഞെടുത്ത തുവ്വൂർ ഗവ.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു.

3 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി നിർമ്മാണത്തിനായി തെരഞ്ഞെടുത്ത ജി.ജി.വി.എച്ച്.എസ്.എസ്. വണ്ടൂർ, ജി.എച്ച്. എസ്.എസ്. തിരുവാലി, ജി.എച്ച്. എസ്.എസ് കരുവാരക്കുണ്ട്, ജി.എച്ച്.എസ്.എസ്. അഞ്ചച്ചാവടി എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. ജി.എച്ച്.എസ്.എസ്. വാണിയമ്പലം സ്കൂളിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

3 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി രണ്ടാം ഘട്ടത്തിൽ അനുവദിച്ച ജി.എച്ച്.എസ്.എസ്. നീലഞ്ചേരി, വി.എം.ജി.എച്ച്.എസ്.എസ്. വണ്ടൂർ എന്നീ സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

1 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി നിർമ്മാണത്തിനായി തെരഞ്ഞെടുത്ത കാട്ടുമുണ്ട ഈസ്റ്റ് ജി.യു.പി.എസ്., ജി.എച്ച്.എസ്.എസ്. പോരൂർ, കാളികാവ് ബസാർ ജി.എം.യു.പി.എസ്. എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള ഡി.പി.ആർ. കിഫ്ബി അംഗീകരിച്ച് ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. കരുവാരക്കുണ്ട് ജി.എൽ.പി.എസിന്റെ നിർമ്മാണത്തിനുള്ള ഡിപിആർ കിഫ്ബിയുടെ പരിഗണനയിലാണ്. പഴയ കടയ്ക്കൽ ജി.എം.യു.പി.എസ്., ജി.എച്ച്.എസ്.എസ്. കാപ്പിൽക്കാരാട്, തുവ്വൂർ ജി.എൽ.പി.എസ് എന്നീ സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ച് ടെണ്ടർ നടപടി പൂർത്തിയാക്കി കരാർ ഒപ്പുവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly